**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 199 — 07.08.2017 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിലെ വികസന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ മേഖലയിൽ, എന്തെല്ലാം വികസന പ്രവൃത്തികൾ ആണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദീകരിക്കാമോ; | (എ)<br>&<br>(ബി) | തലശ്ശേരി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനറൽ ആശുപത്രി തലശ്ശേരി, കോടിയേരി, കതിരൂർ, ചൊക്ളി എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിൽ വരുത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയും എന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

ജനറൽ ആശുപത്രി തലശ്ശേരി

ശ്രീ.എ. എൻ. ഷംസീർ ബഹു. എം.എൽ.എ-യുടെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി 1.5 കോടി രൂപ അടങ്കലിൽ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവാസികളുടെ സഹായത്തോടെ 30 ലക്ഷം രൂപ അടങ്കലിൽ ആധുനിക അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. മോർച്ചറി നവീകരിച്ചു, കാരുണ്യ ഫാർമസി അനുവദിച്ചു. പ്രൊഫസർ റിച്ചാർഡ് ഹേ, ബഹു. നോമിനേറ്റഡ് എം.പി-യുടെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അടങ്കലിൽ യൂറോളജി വിഭാഗം ആരംഭിക്കുന്നതിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു. 'പുനർജനി' പദ്ധതി പ്രകാരം പൈതൃക മാതൃകയിൽ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയുടെ ചികിത്സാ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അസറ്റ് ഡവലപ്മെന്റ് ഫണ്ടുപയോഗിച്ച് 1 കോടി 80 ലക്ഷം രൂപ അടങ്കലിൽ പി.ഡബ്ല്യൂ.ഡി മുഖാന്തിരം നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തിയായിട്ടുണ്ട്.

തലശ്ശേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരംഭിക്കുന്നതിനായി സർക്കാർ തത്വത്തിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.എച്ച്.സി കോടിയേരി

തലശ്ശേരി നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തി 4.65 ലക്ഷം രൂപ അടങ്കലിൽ ഫാർമസിയും സ്റ്റോറും നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായി വരുന്നു. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയുടെ ആഭിമുഖ്യത്തിൽ 55.5 ലക്ഷം രൂപ അടങ്കലിൽ ഡയാലിസിസ് യൂണിറ്റും അനുബന്ധ കെട്ടിടങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ഡയാലിസിസ് യൂണിറ്റിന് 4.89 ലക്ഷം രൂപ അടങ്കലിൽ ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവൃത്തികളുടേയും നിർമ്മാണം നടന്നു വരുന്നു.

പി.എച്ച്.സി കതിരൂർ

ടി സ്ഥാപനത്തെ 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും തുടർന്ന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഒരു ലാബ് ടെക്നീഷ്യൻ ഗ്രേഡ് II, എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ അടിസ്ഥാന സൗകര്യവികസനത്തിനും ലബോറട്ടറി സജ്ജീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തുന്നതാണ് . ആരോഗ്യ ജീവനക്കാർക്കും തദ്ദേശസ്വയംഭരണ മേധാവികൾക്കും വിദഗ്ധപരിശീലനം നൽകിയും രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പി.എച്ച്.സി ചൊക്ലി

പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അടങ്കലിൽ പുതിയ കെട്ടിടം പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ